## ജി.പി.സി നായർ

# ക്വാളിറ്റി എഡ്യുക്കേഷന്റെ സന്ദേശവാഹകൻ

**കേ**രളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ രംഗവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന പേരാണ് ഡോ.ജി.പി.സി നായരുടേത്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഇദ്ദേഹം നൽകിയ സംഭാവനകൾ വീണ്ടും ഇതാ മാനിക്കപ്പെടുന്നു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ പരമോന്നത ബഹുമതിയായ മാനേജ്മെന്റ് ലീഡർഷിപ്പ് അവാർഡിനാണ് എസ്.സി.എം.എസ് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാൻ ഡോ.ജി.പി.സി നായർ അർഹനായിരിക്കുന്നത്. 1976ൽ കേരളത്തിലെ ആദ്യകാല സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനം കൊണ്ടുവരുന്നതിൽ തുടങ്ങുന്നു ഈ രംഗത്തെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം.



കേരളത്തിലെ സ്വാശ്രയ എൻജിനീയറിംഗ് മാനേജ്മെന്റ് അസോസിയേഷനുകളുടെയും ദേശീയ തലത്തിലുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫെഡറേഷന്റെയും പ്രസിഡന്റ് കൂടിയാണ് ഇദ്ദേഹം.

145 കോടി രൂപയുടെ വിപുലമായ വികസന പദ്ധതികളാണ് എസ്.സി.എം.എസ് ഗ്രൂപ്പ് നടത്താനൊരുങ്ങുന്നത്. ഇതിൽ 85 കോടി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിലും ബാക്കി 60 കോടി രൂപ ബാംഗ്ലൂരിലെ വിദ്യാഭ്യാസ മേഖലയിലുമായിരിക്കും മുതൽമുടക്കുക. “ലഭിച്ച അംഗീകാരം കൂടുതൽ കാര്യങ്ങൾ വിദ്യാഭ്യാസ രംഗത്തിന് വേണ്ടി ചെയ്യാനുള്ള പ്രചോദനമാണ് നൽകുന്നത്,” ജി.പി.സി നായർ പറയുന്നു.